"ഭരണഭാഷ മാതൃഭാഷ"

**ഫിഷറീസ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീമതി. ആർ.എസ്. അജന്ത കുമാരി, ശ്രീമതി. ആർ.എസ്. റാണി വൃന്ദ എന്നിവർക്ക് 3/5/09-ലെ എ4/8005/09 നമ്പർ ഉത്തരവ് പ്രകാരം നൽകിയ പ്രൊമോഷൻ ഉത്തരവ് പുനഃക്രമീകരിച്ച് സനിയോരിറ്റി നിശ്ചയിച്ച് ഉത്തരവാകുന്നു.

സൂചന:-
1) ഈ ഓഫീസിലെ 29/4/10-ലെ എ4/8926/10 നമ്പർ ഉത്തരവ്.
2) 3/5/09-ലെ എ4/8005/09 നമ്പർ ഉത്തരവ്.
3) ശ്രീമതി. അജന്ത കുമാരിയുടെ 28/7/11, 28/5/13 എന്നീ തീയതികളിലെ അപേക്ഷ.

**ഉത്തരവ് നമ്പർ എ4/13392/11 തീയതി 22/04/14**

സൂചന (1) പ്രകാരം ശ്രീമതി. ആർ.എസ്. അജന്ത കുമാരി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ശ്രീമതി. ആർ.എസ്. റാണി വൃന്ദ ഫിഷറി ഡെവല്പ്മെന്റ് ഓഫീസർ ഗ്രേഡ്- I എന്നിവർക്ക് ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് - II -ലേയ്ക്ക് നൽകിയ പ്രൊമോഷൻ ഉത്തരവിലെ അപാകത പുനഃക്രമീകരിച്ച് ശ്രീമതി. ആർ.എസ്. അജന്ത കുമാരിയ്ക്ക് ശ്രീ. ഇ. മനോജ്, ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് - II -നും ശ്രീ. കെ. നിസാമുദ്ദീൻ ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് - II -നും മദ്ധ്യേയായും ശ്രീമതി. ആർ.എസ്. റാണി വൃന്ദ, ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് - I-ന് ശ്രീ. കെ. നിസാമുദ്ദീനും ശ്രീ. വി. ദിലീപ് കുമാറിനും മദ്ധ്യേയായി സീനിയോരിറ്റി ഫിക്സ് ചെയ്ത് ഉത്തരവായിരുന്നു.

എന്നാൽ ശ്രീമതി. അജന്ത കുമാരിയ്ക്ക് ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് - I ആയി പ്രൊമോഷൻ നൽകിയപ്പോൾ പ്രസ്തുത സീനിയോരിറ്റി പാലിക്കപ്പെടാതെ അർഹമായ സമയത്ത് പ്രൊമോഷൻ ലഭിയ്ക്കാതിരിക്കുകയും സീനിയോരിറ്റി ലിസ്റ്റിൽ മാറ്റം വരുത്താതെയിരുന്നതിനാലും ടിയാൾക്ക് മുൻകാല പ്രാബല്യത്തോടു കൂടെ ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് - I ആയി പ്രൊമോഷൻ നൽകണമെന്നും സീനിയോരിറ്റിയിൽ മാറ്റം വരുത്തണമെന്നും ആയതു പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യം അനുവദിയ്ക്കണമെന്നും സൂചന (2) പ്രകാരം ശ്രീമതി. ആർ.എസ്. അജന്ത കുമാരി അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി. ആർ.എസ്. അജന്ത കുമാരിയ്ക്കും ശ്രീമതി. ആർ.എസ്. റാണി വൃന്ദയ്ക്കും ഇവരുടെ ജൂനിയറായ ശ്രീ. ദിലീപ് കുമാർ, ശ്രീ. നിസാമുദ്ദീൻ

എന്നിവർക്ക് പ്രൊമോഷൻ ലഭിച്ച തീയതിയായ 2/3/2009 വച്ച് മുൻകാല പ്രാബല്യത്തോടു കൂടെ ഫിഷറി ഡെവലപ്മെന്റ് ഓഫീസർ ഗ്രേഡ് - I ആയി പ്രൊമോഷൻ നൽകിയും ശ്രീമതി. ആർ.എസ്. അജന്ത കുമാരിയുടെ സീനിയോരിറ്റി ശ്രീ. ഇ. മനോജ്, ശ്രീ.കെ. നിസാമുദ്ദീൻ എന്നിവർക്ക് മദ്ധ്യേയായും ശ്രീമതി. ആർ.എസ്. റാണി വൃന്ദയുടെ സീനിയോരിറ്റി ശ്രീ. കെ. നിസാമുദ്ദീൻ, ശ്രീ. വി. ദിലീപ് കുമാർ എന്നിവർക്ക് മദ്ധ്യേയായും ഫിക്സ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ശ്രീമതി. ആർ. എസ്. അജന്ത കുമാരിയ്ക്കും ശ്രീമതി. ആർ.എസ്. റാണി വൃന്ദയ്ക്കും 19/10/2007-ലെ G.O.(P) No. 515/07/Fin നമ്പർ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
എം. അഷറഫ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ് :

1) ശ്രീമതി. അജന്ത കുമാരി. ആർ.എസ്- സീനിയർ കോ-ഓപ്പറേറ്റിവ് ഇൻസ്പെക്ടർ
2) ശ്രീമതി. റാണി വൃന്ദ. ആർ.എസ്, ഫിഷറി ഡെവലപ്മെന്റ് ഓഫീസർ ഗ്രേഡ്- I
3) ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
4) എ6 സെക്ഷന്.
5) സ്റ്റോക്ക് ഫയൽ/സ്പെയർ

എസ്.റ്റി/11/04/14